വിദ്യാർത്ഥികൾക്ക് അതാത് ജില്ലകളിലെ പോളിടെക്നിക്കുകളിൽ പ്രവേശനത്തിന് അഞ്ച് ശതമാനം വെയിറ്റേജ് മാർക്ക് നൽകാമെന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്. ഇത് അടുത്ത വർഷം മുതൽ നടപ്പാക്കുന്നതാണ്. അതാത് ജില്ലകളിൽ സെലക്ഷൻ വന്നതോടുകൂടി ഇപ്പോൾ വേക്കൻസികളൊന്നുമില്ല. മുൻപ് ധാരാളം വേക്കൻസികളുണ്ടായിരുന്നു. മുൻപ് തിരുവനന്തപുരത്തു നിന്നുള്ളവരെ വയനാട്ടിലേയ്ക്കും മലപ്പുറത്തേയ്ക്കും സെലക്ട് ചെയ്തിരുന്നു. അവർക്ക് എത്തിച്ചേരുന്നതിന് താമസമുണ്ടാകും അങ്ങനെ വരുമ്പോൾ അഡ്മിഷൻ വളരെ താമസിക്കും. ഇപ്പോൾ ഇത് ജില്ലാടിസ്ഥാനത്തിൽ വന്നതോടുകൂടി വേക്കൻസികളൊന്നുമില്ല. ജില്ലാടിസ്ഥാനത്തിൽ ഇപ്പോൾ വെയിറ്റേജുകൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(16) പ്ലസ് ടു അദ്ധ്യാപകരുടെ യോഗ്യതാ പരീക്ഷ

ശ്രീ. എം.കെ. മുനീർ : സർ, പ്ളസ് ടു അദ്ധ്യാപകരുടെ യോഗ്യതാപരീക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് കോടതിയലക്ഷ്യത്തിന് നോട്ടീസ് വന്ന സാഹചര്യത്തിലാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പ്ളസ് ടു അദ്ധ്യാപകരുടെ തസ്തികയിലേയ്ക്കുള്ള ഒഴിവുകളിലേയ്ക്ക് 25 ശതമാനം പേരെ ഹൈസ്കൂളുകളിൽ നിന്നും 75 ശതമാനം പേരെ പുറമേ നിന്ന് നേരിട്ടും നിയമിക്കാൻ 13-5-1998-ന് സർക്കാർ ഉത്തരവിറക്കി. അതോടൊപ്പം ഭാവിയിൽ പ്ളസ് ടു അദ്ധ്യാപകരുടെ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് യോഗ്യതാ പരീക്ഷ ഏർപ്പെടുത്തിക്കൊണ്ട് 25-11-1999-ന് സർക്കാർ മറ്റൊരു ഉത്തരവും ഇറക്കി. ഈ ഉത്തരവ് 30-12-1999-ന് മറ്റൊരു ഉത്തരവിലൂടെ സർക്കാർ ഭേദഗതിചെയ്തു. 1995-1996-നുശേഷം നിയമനം ലഭിച്ച പ്ളസ് ടു അദ്ധ്യാപകർക്കും യോഗ്യതാ പരീക്ഷ ബാധകമാക്കിക്കൊണ്ടാണ് സർക്കാർ ഈ ഉത്തരവ് ഭേദഗതി ചെയ്തത്. എന്നാൽ 13-5-1998-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അക്കൊല്ലം ഡിസംബർ മൂന്നിന് സുപ്രീം കോടതി സ്റ്റേ ചെയ്തിരുന്നു. ആ സ്റ്റേ നിലനിൽക്കേയാണ് 25-11-1999-ന് സർക്കാർ വീണ്ടും ഉത്തരവ് ഇറക്കിയത്. ഇതിനിടയിൽ 7-12-99-ന് സുപ്രീം കോടതി ആദ്യത്തെ സ്റ്റേ ഉത്തരവിൽ അല്പം ഭേദഗതി വരുത്തുകയുണ്ടായി. സുപ്രീം കോടതിയുടെ രണ്ട് ഉത്തരവുകളും ലംഘിച്ചുകൊണ്ടാണ് 2-4-2000-ത്തിൽ യോഗ്യതാ പരീക്ഷ നടത്താൻ നിശ്ചയിച്ചത്. 3-12-1998-നും 7-12-1999-നും സുപ്രീം കോടതി ഇറക്കിയിട്ടുള്ള എസ്.എൽ.പി.സി. 19055/98-ാം നംപർ ഉത്തരവനുസരിച്ചിട്ടില്ലയെന്നുള്ളതാണ് സുപ്രീം കോടതിയിൽ ഇപ്പോൾ കോടതിയലക്ഷ്യത്തിന് കാരണമായി പറയുന്നത്. ഈ സാഹചര്യത്തിൽ നിയമനം ലഭിച്ച് കുറേ വർഷം ജോലി ചെയ്തശേഷം പിന്നെ അവർക്ക് യോഗ്യതയുണ്ടോ എന്ന് പരിശോധിക്കുന്ന ഒരു കീഴ്വഴക്കം തെറ്റാണെന്നുള്ള നിഗമനത്തിൽ, ഈ കീഴ്വഴക്കം മറ്റ് മേഖലകളേയും പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, എലിജിബിലിറ്റി ടെസ്റ്റിനെ സംബന്ധിച്ച് ഇന്ന് ഉയർന്നിട്ടുള്ള വിവാദം വസ്തുതകൾ മനസ്സിലാക്കാത്തതു കൊണ്ടാണ്. പ്രീഡിഗ്രി നിലവിലുള്ളപ്പോൾ എൻ.ഇ.ടി ടെസ്റ്റ് (നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്) പാസ്സാകുന്നവരെ മാത്രമാണ് നിയമിച്ചിരുന്നത്. സ്റ്റേറ്റ് അടിസ്ഥാനത്തിൽ ടെസ്റ്റ് വന്നതുപോലും അംഗീകരിച്ചില്ല. എൻ.ഇ.ടി പാസാകാത്ത ഒരാളെപ്പോലും പഠിപ്പിക്കാൻ അനുവദിച്ചിരുന്നില്ല. ആ സ്ഥാനത്ത് സ്റ്റേറ്റ് ഗവൺമെന്റ് ഒരു എലിജിബിലിറ്റി ടെസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയതിനെ എന്തിനാണ് എതിർക്കുന്നത്? കാളിഫൈഡ് ആയിട്ടുള്ളവർ പഠിപ്പിക്കാൻ വരട്ടെ. സുപ്രീംകോടതിയുടെ വിധിക്കൊന്നും എതിരല്ല. സുപ്രീം കോടതിയുടെ വിധി പൂർണ്ണമായും അതേപടി നടപ്പാക്കിയാൽ ഇപ്പോഴുള്ള പല അദ്ധ്യാപകരും പിരിഞ്ഞുപോകേണ്ടതായി വരും. അതുകൊണ്ട് അവർക്കുകൂടി ഗുണം കിട്ടുന്ന ഒരു ഉത്തരവ് ആണ്. സ്കൂളുകളിൽ കാളിഫൈഡ് ആയിട്ടുള്ള ആളുകൾ ഉണ്ടെങ്കിൽ അവരെ നിയമിക്കണം എന്നാണ് സുപ്രീം കോടതിയുടെ ഓർഡർ. അഡ്ഹോക് ആയിട്ട്പോലും ഇപ്പോൾ നിയമിക്കപ്പെട്ടവരെ നിയമിച്ചതായി അംഗീകരിക്കുകയില്ല. എലിജിബിലിറ്റി ടെസ്റ്റ് ഇമ്മീഡിയേറ്റ് ആയിട്ട് ഇംപ്ലിമെന്റ് ചെയ്യുന്നതിനു പകരം ഇപ്പോൾ ഉള്ളവർക്ക് പാസ്സാകുന്നതിന് രണ്ട് ചാൻസ് കൊടുത്തിട്ടുണ്ട്. സർവ്വീസിലുള്ളവരെ സഹായിക്കുന്ന ഉത്തരവാണ് എന്ന് പ്രധാനപ്പെട്ട അദ്ധ്യാപകർക്കെല്ലാം മനസ്സിലായി. അവർ സമരത്തിൽ നിന്നും പിൻമാറുകയും ചെയ്തു. എലിജിബിലിറ്റി ടെസ്റ്റിനു അനുകൂലമായ ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്. അവർക്ക് പ്രിപ്പയർ ചെയ്യാൻ കുറച്ചുകൂടി സമയം വേണമെന്ന് പറഞ്ഞ് മേയ് അഞ്ചാം തീയതിയിലേയ്ക്ക് പരീക്ഷ മാറ്റി വച്ചു. സ്കൂൾ അടച്ചതിനു ശേഷവും കുറച്ചു സമയം കിട്ടും. അതനുസരിച്ച് മേയ് 5-ാം തീയതി ഇതിന്റെ പരീക്ഷ നടക്കുന്നതാണ്. ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവർക്ക് രണ്ട് ചാൻസ് കൊടുക്കുകയെന്ന് പറഞ്ഞാൽ അതിന്റെയർത്ഥം രണ്ട് കൊല്ലത്തേയ്ക്ക് അവരെ ആരേയും പിരിച്ചു വിടുകയില്ല എന്നല്ലേ? അതുകൊണ്ട് അവർ ആ ടെസ്റ്റ് എഴുതണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(17) സംസ്കൃത വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ സെക്രട്ടേറിയേറ്റ് മാർച്ച്

(പ്രൊഫ. സാവിത്രി ലക്ഷ്മണൻ 13.3.2000-ത്തിൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടി)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സംസ്ഥാനത്തെ പ്ളസ് ടു ക്ളാസുകളിൽ സംസ്കൃത പഠനത്തെ സംബന്ധിച്ച് ഒരു തീരുമാനം കരിക്കുലം കമ്മിറ്റി എടുത്തു. പ്രീഡിഗ്രിക്ക് എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടായിരുന്നോ ഏതെല്ലാം വിഷയങ്ങൾ ഉണ്ടായിരുന്നോ അത് മുഴുവനും പ്ളസ് ടു വിലും ഉണ്ടാകും. സംസ്കൃത്തിന്റെ കാര്യത്തിൽ തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അതാണ് പ്രധാനമായും ഉന്നയിച്ചത് എന്നാണ് മനസ്സിലാകുന്നത്. ഇതിൽ 4 ഓപ്ഷൻസ് ഉള്ളതുകൊണ്ട് അത്രയും കൂടി ആഡ് ചെയ്യും. പ്രീഡിഗ്രിക്ക് സംസ്കൃത പഠനത്തിനും അറബി പഠനത്തിനും ഉണ്ടായിരുന്ന സൗകര്യങ്ങളൊക്കെ അതേപടി പ്ളസ് ടു വിലും നൽകാൻ കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അടുത്ത വർഷം അത് നടപ്പാക്കും.

VI. മേശപ്പുറത്തു വച്ച കടലാസ്സ്

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2000-2001 വർഷത്തെ ബഡ്ജറ്റ്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2000-2001 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സും 1999-2000 വർഷത്തെ സപ്ളിമെന്ററി ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly